# മന്നംസമാധിദിനാചരണം

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 52-ാമത് ചരമവാർഷികം 2022 ഫെബ്രുവരി 25 വെള്ളിയാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ സംസ്ഥാനവ്യാപകമായി ആചരിക്കുന്നതാണ്. നമുക്ക് മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമസങ്കേതമായ മന്നംസമാധി മണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടക്കുന്നതാണ്. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 A.M. വരെ നടക്കുന്ന പ്രസ്തുത ചടങ്ങിൽ അദ്ദേഹത്തെ ആരാധിക്കുകയും ആദരിക്കുകയും ചെയ്യുന്ന എല്ലാ സമുദായാംഗങ്ങൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും കോവിഡ്-19 നിബന്ധനകൾ പാലിച്ചുകൊണ്ട് പങ്കെടുക്കാവുന്നതാണ്.

ഓരോ വർഷം കഴിയുന്തോറും അദ്ദേഹത്തെ ആരാധിക്കുകയും ആദരിക്കുകയും ചെയ്യുന്നവരുടെ എണ്ണം കൂടിവരികയാണ്. ആ മഹാത്മാവിനോടുള്ള ബഹുമാനാദരവുകളും, സമുദായാംഗങ്ങൾ തമ്മിലുള്ള ഐക്യബോധവും, തന്മൂലമുണ്ടാകുന്ന ഊർജ്ജസ്വലതയും ആണ് അതിനു കാരണം.

മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം നടക്കുന്ന ഭക്തിനിർഭരമായ ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയാതെവരുന്ന സമുദായാംഗങ്ങൾ നമ്മുടെ എല്ലാ കരയോഗങ്ങളുടെയും, താലൂക്ക് യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ പതിവുപോലെ രാവിലെ മുതൽ 11.45 വരെ ആ പുണ്യാത്മാവിന്റെ ചിത്രത്തിനുമുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ കോവിഡ്-19 നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നായർ സർവീസ് സൊസൈറ്റിക്ക് രൂപം നൽകിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റുചൊല്ലിയും വേണം ഉപവാസം അവസാനിപ്പിക്കുവാൻ എന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

## പ്രതിജ്ഞ

**ഞാൻ നായർസമുദായോന്നതിക്കായി നിരന്തരം ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്യും**

**അങ്ങനെയുള്ള ശ്രമങ്ങളിൽ ഇതരസമുദായങ്ങൾക്ക് ക്ഷോഭകരമായ യാതൊരു പ്രവൃത്തിയും ചെയ്യുന്നതല്ല**

**ഈ സംഘോദ്ദേശ്യങ്ങളെ മുൻനിർത്തിയും ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ട ന്യായമായ കരുതലോടുകൂടിയും ഞാൻ ജീവിച്ചുകൊള്ളാം.**

**സത്യം, സത്യം, സത്യം**